പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

2018 നവംബർ 29, വ്യാഴം

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

## മെഡിസെപ്

ചോദ്യം : 551
ശ്രീ. എ.എം. ആരിഫ്

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി പ്രഖ്യാപിച്ച ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് എന്നത്തേയ്ക്ക് പ്രാബല്യത്തിൽ വരും എന്ന് വ്യക്തമാക്കാമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേക്കായി 24.04.17-ലെ സ.ഉ(അച്ചടി)നം. 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം, എന്നിവയ്ക്ക് ശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിയ്ക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദരുടെ ഉപദേശത്തിന്റെയും, താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request For Proposals) യും തയ്യാറാക്കി വരുന്നു. ടെൻഡർ നടപടികൾ പൂർത്തിയാക്കി തെരെഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി, പ്രാബല്യത്തീയതി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിയ്ക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളു. |
| (ബി) | ഈ ഇൻഷ്വറൻസ് പദ്ധതി വഴി ജീവനക്കാർക്കും, പെൻഷൻകാർക്കും ഉണ്ടാകുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | |
| (സി) | ഈ പദ്ധതി പ്രകാരം ചികിത്സ ലഭ്യമാകുന്ന ആശുപത്രികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ? | |

അക്കൗണ്ട്സ് ഓഫീസർ